## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.944. 04.03.2020 ൽ മറുപടിയ്ക്ക്

## ലഹരി വിരുദ്ധ ക്ലബ്ബുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമുക്തിയുടെ കീഴിൽ സ്കൂളുകളും കോളേജുകളും സർക്കാർ ഓഫീസുകളും കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 4842 സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകളും, 899 കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ടി ക്ലബ്ബുകൾക്കായി വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് കമ്മീഷണർ മുതൽ സിവിൽ എക്സൈസ് ഓഫീസർ വരെയുള്ള എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും ഒന്നോ അതിലധികമോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വിഭജിച്ച് നൽകിയിട്ടുണ്ട്. വിമുക്തി മിഷന്റെ ഭാഗമായി സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ഉപന്യാസ രചന, ചിത്ര രചന, കൈയ്യെഴുത്ത് മാസിക മത്സരം, പോസ്റ്റർ രചന മത്സരം, പ്രസംഗ മത്സരം,ഏസ്വ ചിത്ര മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ സർക്കാർ ഓഫീസുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ വിവിധ മത സാമുദായിക സാംസ്കാരിക സംഘടനകളുടെയും ലഹരി നിർമ്മാർജ്ജന-ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട സംഘടനകളുടെയും സാന്നിദ്ധ്യവും സഹകരണവും ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സ്വീകരിക്കും. സമസ്ത മേഖലയിലെ ജനവിഭാഗങ്ങളെയും സാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ